III ശ്രദ്ധ ക്ഷണിക്കൽ

അട്ടപ്പാടിയിലെ ആദിവാസികൾ ആരാധിച്ചുകൊണ്ടിരുന്ന വിഗ്രഹങ്ങൾ മാറിയത് സംബന്ധിച്ച്

ശ്രീ എ.എൻ. യൂസഫ്: സർ, അട്ടപ്പാടി മേഖലയിലുള്ള അഗളി, ചേവായൂർ, തുടങ്ങിയ പഞ്ചായത്തുകളിൽപ്പെട്ട ആദിവാസികൾ കുലദൈവമായി കണക്കാക്കപ്പെടുന്ന വിഗ്രഹങ്ങളെ പുരാവസ്തു ഗവേഷണ ഡിപ്പാർട്ടുമെന്റ് എടുത്തുകൊണ്ട് പോകുകയാണ്. ഇതിനെ സംബന്ധിച്ച് ആദിവാസികളുടെ ഇടയിൽ വളരെ വികാരങ്ങളും എതിർപ്പുകളും ഉണ്ടായി. പോലീസിന്റെ സഹായത്തോടുകൂടിയാണ് എടുത്തുകൊണ്ടുപോകുന്നത്. ഇന്നും ആദിവാസികളിൽ അവരുടെ കുലദൈവങ്ങളിലുള്ള വിശ്വാസം അടിയുറച്ച് നിൽക്കുകയാണ്. ഒരു ഗ്രാമത്തിൽനിന്ന് മറ്റൊരു ഗ്രാമത്തിലേക്കോ ഒരു ഊരിൽനിന്ന് മറ്റൊരു ഊരിലേക്കോ പോയി താമസിക്കണമെങ്കിൽ ഈ കുലദൈവങ്ങളുടെ അടിസ്ഥാനത്തിലാണ് അവർ പോകുന്നത്. അങ്ങനെ വിശ്വാസമുള്ള അവരുടെ വിഗ്രഹങ്ങൾ എല്ലാം എടുത്തുകൊണ്ടുപോകുന്നത് ആദിവാസികളുടെ ഇടയിൽ വലിയ ഒരു മതവികാരം ഇളക്കിവിടുന്ന സ്ഥിതിയാണ്. 19 ഊരുകളിൽ നിന്നാണ് ഇങ്ങനെ എടുത്തുകൊണ്ടുപോയിട്ടുള്ളത്. ഇതേപ്രകാരംതന്നെ പുരാതനവസ്തുക്കൾ മറ്റ് പല സ്ഥലങ്ങളിലുമുണ്ട്. അവിടെനിന്നൊന്നും എടുത്തുകൊണ്ടുപോകാൻ അവർ തയ്യാറില്ല. ഇവർ ആദിവാസികളാണെന്ന ഒരൊറ്റ കാരണംകൊണ്ടാണോ ഇങ്ങനെ എടുത്തുകൊണ്ടുപോകുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെയെടുത്തുകൊണ്ടുപോകാൻ പോലീസാണ് സഹായിക്കുന്നത്. മാത്രവുമല്ല ആയിരക്കണക്കിന് കൊല്ലങ്ങളായി അവർ താമസിക്കുന്ന ഈ സ്ഥലത്ത് വലിയ വലിയ മരങ്ങളുണ്ട്. ഒരുദാഹരണം പറയാം. ഈ 19-ാം തീയതിയാണ് ഒരു ഊരിൽനിന്നും, അഗളി പഞ്ചായത്തിലെ കാക്കുളം എന്ന സ്ഥലത്തുനിന്നും വിഗ്രഹം എടുത്തുകൊണ്ടുപോയത്. 20-ാംതീയതി അവിടെത്തന്നെയുള്ള പഴയ മണ്ണാർക്കാട് നായർ വീട്ടിലെ പ്രമുഖനായ കൊച്ചുണ്ണിനായരുടെ എന്നുപറയുന്ന ആയം ഏറ്റവും വലിപ്പമുള്ള മരങ്ങളിലൊന്ന് ഉച്ചയ്ക്ക് 3 മണിക്ക് വെട്ടിക്കൊണ്ടുപോകുന്നു. അങ്ങനെ പുരാവസ്തു ഗവേഷകർ വിഗ്രഹങ്ങൾ കൊണ്ടുപോകുന്നു. പഴയ നാടുവാഴികളും വൻമരങ്ങളും വെട്ടിക്കൊണ്ടുപോകുന്ന സ്ഥിതിയാണ് ഉള്ളത്. ഇത് ആദിവാസികൾക്കെതിരായി ഒരു ഗൂഢാലോചനയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ആദിവാസികൾ അവിശ്വാസികളായതുകൊണ്ടായിരിക്കാം, അല്ലെങ്കിൽ അവരുടെ ശബ്ദം വേണ്ടപോലെ കേൾക്കാത്തതുകൊണ്ടായിരിക്കാം മറ്റുസ്ഥലങ്ങളിൽപോയി പുരാവസ്തുക്കൾ എടുത്തുകൊണ്ടുപോകാൻ തയ്യാറാകാതെ ഇവർ ആദിവാസികളെ പിടിച്ചിട്ടുള്ളത്. 119 ഊരിൽ ഉള്ള ആദിവാസികൾ കൂട്ടത്തോടെ അവരുടെ വികാരങ്ങൾ പ്രകടിപ്പിച്ചിരിക്കുകയാണ്. ഇത് വളരെ ഗൗരവമായി നമ്മുടെ ഗവൺമെന്റ് എടുത്ത്, ആ വിഗ്രഹങ്ങൾ ഉടൻതന്നെ തിരിച്ചുകൊടുക്കത്തക്കരീതിയിലുള്ള നടപടികളെടുക്കണം. അതിനുവേണ്ടി ഗവൺമെന്റ് തയ്യാറാകണമെന്നുമാത്രമാണ് എനിക്ക് ഈ സന്ദർഭത്തിൽ സഭയെ അറിയിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): സർ, 1976-77 കാലത്ത് അഗളി, പന്നകുഴ, മണ്ണാർക്കാട് മുതലായ പ്രദേശങ്ങളിൽ നിന്ന് വീരക്കല്ലുകൾ എന്നറിയപ്പെടുന്ന ഹീറോ സ്റ്റോൺസ് 10 A.M.] സംഭരിച്ച് ആർക്കിയോളജി ഡിപ്പാർട്ടുമെന്റിൽ കൊണ്ടുപോയി സൂക്ഷിച്ചു. അതിനുശേഷം കോഴിക്കോട് യൂണിവേഴ്സിറ്റിയിൽനിന്ന് കഴിഞ്ഞ കൊല്ലം 73 ഓളം കല്ലുകൾ അവിടെനിന്നും നീക്കം ചെയ്തു. അന്നൊന്നും ഒരു തർക്കവും ഉണ്ടായില്ല. എന്നാൽ അടുത്തകാലത്ത് ആർക്കിയോളജി ഡിപ്പാർട്ടുമെന്റിൽനിന്നും ഗവേഷണം നടത്തുകയും ഭൂമിക്കടിയിൽ കിടന്ന കുറെ കല്ലുകൾ കുഴിച്ചെടുക്കുകയും ആ കല്ലുകൾ ഉൾപ്പെടെ ഏതാണ്ട് 86 കല്ലുകൾ അവിടെ സംഭരിക്കുകയും ചെയ്തു. അപ്പോൾ സ്ഥലത്തുള്ള കുറെ ആളുകൾ (മൂപ്പൻമാർ) വന്നു തർക്കം പുറപ്പെടുവിക്കുകയും പോലീസ് സ്റ്റേഷനിൽ പരാതിപ്പെടുകയും ചെയ്തു. കളക്ടർ ഇടപെട്ടു. അഭിപ്രായവ്യത്യാസം ഉണ്ടാക്കി വീരക്കല്ലുകൾ കൊണ്ടു പോകാൻ പാടില്ലെന്ന് അറിയിച്ചതനുസരിച്ച് കളക്ടറുടെ മദ്ധ്യസ്ഥതയിൽ അതുവെച്ചിരിക്കുകയാണ്. അവർക്ക് അത്യാവശ്യം പൂജയ്ക്കുവേണമെന്നു പറയുന്ന വിഗ്രഹങ്ങൾ മടക്കിക്കൊടുക്കുകയും അവർക്ക് ആവശ്യമില്ലാത്ത വിഗ്രഹങ്ങൾ ഡിപ്പാർട്ടുമെന്റിലേക്ക് സ്വീകരിക്കുന്നതിനുവേണ്ടി നടപടി എടുക്കാൻ പോകുന്നത്. കളക്ടറുടെ മേൽനോട്ടത്തിൽ അവരുമായി കൂടിയാലോചന നടത്തി അവർക്ക് അഭിപ്രായവ്യത്യാസമില്ലാത്ത സ്ഥിതി ഉണ്ടാക്കിയാൽ മാത്രമേ ഈ വീരക്കല്ലുകൾ ഡിപ്പാർട്ടുമെന്റിലേക്ക് കൊണ്ടു വരികയുള്ളൂ. ഇപ്പോൾ അവിടെ അഭിപ്രായവ്യത്യാസവും അഭിപ്രായസംഘട്ടനവും ഒന്നുമില്ല. അങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകാൻ കാര്യവുമില്ല. ഇതിനുമുമ്പു പലപ്രാവശ്യവും ഡിപ്പാർട്ടുമെന്റ് കൊണ്ടുപോയപ്പോൾ തർക്കം ഇല്ലാതിരുന്നതുകൊണ്ടാണ് ബാക്കിയുള്ള കല്ലുകൾ എടുക്കാൻ ഈ കൊല്ലം ഒരുങ്ങിയത്. ഇപ്പോൾ ചിലആളുകൾ അവരെ പറഞ്ഞ് ഇളക്കിയെന്നാണ് ഞങ്ങൾ അറിയുന്നത്. തർക്കിക്കുകയും അതു കൊണ്ടുപോകാൻ പാടില്ലെന്ന് എതിർക്കുകയും ചെയ്തു. ഡിപ്പാർട്ടുമെന്റിലേക്ക് ആവശ്യമുള്ളതുകൊണ്ട് കളക്ടർ ഇടപെട്ട് അവർക്ക് ആവശ്യമുള്ള അത്രയും വീരക്കല്ലുകൾ കൊടുത്തിട്ട് ബാക്കി കൊണ്ടുപോകാൻ സമ്മതിച്ചിട്ടുണ്ട്. കളക്ടറുടെ നേതൃത്വത്തിൽ എല്ലാകാര്യങ്ങളും ഭംഗിയായി നടക്കുന്നു. അവർക്ക് ബുദ്ധിമുട്ടോ വികാരപരമായ എതിർപ്പോ ഉണ്ടാകുന്ന യാതൊരു നടപടിയും ഉണ്ടാകുകയില്ലെന്ന് ഉറപ്പു പറയാം.

IV ധനകാര്യം

1979-80 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ച

ധനാഭ്യർത്ഥന നമ്പർ XVII വിദ്യാഭ്യാസം, കല, സംസ്ക്കാരം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച് മുഹമ്മദുകോയ): സർ, വിദ്യാഭ്യാസം, കല, സംസ്ക്കാരം എന്ന 17-ാം നമ്പർ ധനാഭ്യർത്ഥനയിൽ 1,94,48,47,600 രൂപയുടെ ഗ്രാൻറ് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ): സർ, ഞാൻ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly